(ബി) വിവിധ വകുപ്പുകൾക്ക് പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പണം നൽകുന്നതിന് സാധിക്കുന്നുണ്ട്. പ്രഖ്യാപിത പദ്ധതികൾ അതാത് സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിക്കുന്നതിനും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും വിഭവ സംരക്ഷണത്തിനും അധിക വിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

അധിക നികുതിയിലൂടെയുള്ള വരുമാനം

140 (485) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര രൂകയുടെ അധിക നികുതികളാണ് ചുമത്തിയതെന്ന് വ്യക്തമാക്കുമോ ; ഇതിലൂടെ എത്രരൂകയുടെ വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) 2012-13 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര രൂകയുടെ അധിക നികുതികളാണ് ചുമത്തിയത് ; ഇതിലൂടെ എത്രരൂകയുടെ അധിക വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) 2013-14 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര രൂകയുടെ അധിക നികുതികളാണ് ചുമത്തിയത് ; ഇതിലൂടെ എത്രരൂകയുടെ വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) 2014-15 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര രൂകയുടെ അധിക നികുതികളാണ് ചുമത്തിയത് ; ഇതിലൂടെ എത്രരൂകയുടെ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 415.75 കോടി രൂപയുടെ അധിക നികുതി ചുമത്തിയിരുന്നു. ഇതിലൂടെ 373.04 കോടി രൂപയുടെ അധിക നികുതി വരുമാനം ലഭിച്ചിട്ടുണ്ട്.

(ബി) 2012-13 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 1066 കോടി രൂപയുടെ അധിക നികുതി ചുമത്തിയിരുന്നു. ഇതിലൂടെ 1203.38 കോടി രൂപയുടെ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 115 കോടി രൂപയുടെ അധിക നികുതിയാണ് ചുമത്തിയിരുന്നത്. ഇതിലൂടെ പ്രതീക്ഷിത

LIBRARY ARCHIVES Kerala Legislative Assembly

നികുതി വരുമാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ അടിസ്ഥാന ഭൂനികുതി ഇനത്തിൽ വർദ്ധിപ്പിച്ച നികുതി നിരക്ക് അനുസരിച്ച് 4402.31 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു.

(സി) 2013-14 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 1138.33 കോടി രൂപയുടെ അധിക നികുതി ചുമത്തിയിരുന്നു. ഇതിലൂടെ 1113.25 കോടി രൂപയുടെ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ 200 കോടി രൂപയുടെ അധിക നികുതി ലക്ഷ്യമിട്ടിരുന്നു. നികുതി ഇനത്തിൽ ആകെ 2353.48 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ഡി) 2014-15 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 610.45 കോടി രൂപയുടെ അധിക നികുതി നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. ഇതിലൂടെ ലഭിച്ച അധിക നികുതി വരുമാനം സംബന്ധിച്ച്, വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്. ലാന്റ് റവന്യൂ വകുപ്പിൽ അടിസ്ഥാന ഭൂനികുതി ഇനത്തിൽ വർദ്ധിപ്പിച്ച നിരക്ക് അനുസരിച്ച് 53.83 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 4.09 കോടി രൂപയുടെ നികുതി വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ അധിക നികുതിയായി 154.85 കോടി രൂപയാണ് ചുമത്തിയത്. ഇതിലൂടെ പ്രതീക്ഷിച്ച വരുമാനം ലഭിച്ചു. രജിസ്ട്രേഷൻ വകുപ്പിൽ 100 കോടി രൂപയുടെ അധിക നികുതി വരുമാനം ലക്ഷ്യമിട്ടിരുന്നു. ഇതുൾപ്പെടെ നികുതി ഇനത്തിൽ 2390.23 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

വിദേശ വായ്പ

141 (T486) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട് ; ഓരോ പദ്ധതിയുടേയും വിശദാംശങ്ങളും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ ;

(ബി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ; പദ്ധതികളുടെ വിശദാംശങ്ങളും ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly